## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2314** 05.12.2018 -ൽ **മറുപടിക്ക്.**

### റേഷൻ ഭക്ഷ്യസാധനങ്ങളുടെ വിലവർദ്ധനവ്

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. പാറക്കൽ അബ്ദുല്ല :** | | **ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് റേഷൻ ഭക്ഷ്യസാധനങ്ങൾക്ക് വില വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (എ) യും (ബി) യും (സി) യും | സംസ്ഥാനത്തെ ചില്ലറ റേഷൻ വ്യാപാരികളുടെ കമ്മീഷൻ വർദ്ധിപ്പിക്കുന്നതിനുള്ള പണം കണ്ടെത്തുന്നതിനായി, 30.11.2018 ലെ സ.ഉ. (കൈ) നം. 46/2018/ ഭ.പൊ.വി.വ പ്രകാരം അന്ത്യോദയ അന്നയോജന വിഭാഗം ഒഴികെയുള്ളവരിൽ നിന്നും അരി, ഗോതമ്പ്, ആട്ട എന്നിവയ്ക്ക് കൈകാര്യ ചെലവിനത്തിൽ ഈടാക്കിയിരുന്ന ഒരു രൂപ എന്നത് രണ്ടു രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) മുൻഗണനേതര വിഭാഗത്തിലെ നാൽപത് ലക്ഷം പേർക്കുള്ള റേഷൻ സാധനങ്ങൾക്ക് വില കൂട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | | |
| (സി) റേഷൻ വ്യാപാരികളുടെ വേതന വർദ്ധനവിനായി പണം കണ്ടെത്തുന്നതിനാണോ ഭക്ഷ്യവസ്തുക്കളുടെ വില വർദ്ധിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ; എങ്കിൽ വിലവർദ്ധനവ് എന്നത്തേക്ക് പ്രാബല്യത്തിൽ വരുമെന്ന് അറിയിക്കാമോ? | | |

**സെക്ഷൻ ഓഫീസർ**